# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

തസ്തികമാറ്റം വഴി താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും 4% ഒഴിവുകളിലേയ്ക്ക് അസിസ്റ്റൻറ് നിയമനം - ബഹു. കേരള ഹൈക്കോടതിയുടെ WP(C) 30620, 30750, 33192/2016 തീയതി 29.03.2017 പ്രകാരമുള്ള വിധിന്യായം സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5603/എ1/1/2017/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ് 18.09.2017

സൂചന:
1. GO(MS)No.31/06/GAD dated 25.01.2006
2. GO(MS)No.196/2010/GAD dated 17.05.2010
3. WP(C) 30620/2016 തീയതി 29.03.2017 പ്രകാരമുള്ള ബഹു. കേരള ഹൈക്കോടതി വിധിന്യായം.
4. ശ്രീ. ജോസ് ജെ, ഓഫീസ് അറ്റൻഡൻറും മറ്റും 29.05.2017ൽ വൈസ്-ചാൻസിലർക്ക് നൽകിയ സമർപ്പണം
5. 31.08.2017ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നം. 34/17.11/172065.

## ഉത്തരവ്

സർക്കാർ ഉത്തരവ് സൂചന (1) പ്രകാരം സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാരിൽ 4 വർഷം സർവ്വീസ് പൂർത്തിയാക്കിയ അംഗീകൃത സർവ്വകലാശാല ബിരുദധാരികൾക്ക് 2% തസ്തിക ഒഴിവ് അസിസ്റ്റൻറ് തസ്തികയിൽ നിയമനത്തിനായി മാറ്റിവച്ച് ഉത്തരവായിരുന്നു. പിന്നീട് സർക്കാർ ഉത്തരവ് സൂചന (2) പ്രകാരം മാറ്റിവയ്ക്കേണ്ട തസ്തിക ഒഴിവ് 2% ൽ നിന്നും 4% ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. സർവ്വകലാശാലയിൽ ഈ ഉത്തരവുകൾ നടപ്പിലാക്കുകയും അതിൻപ്രകാരം അസിസ്റ്റൻറ് തസ്തികയിലെ (entry cadre) ആകെ എണ്ണത്തിൻെറ (238) 4% താഴ്ന്ന വിഭാഗം ജീവനക്കാർക്കായി നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ജോസ് ജെ യും മറ്റ് ഓഫീസ് അറ്റൻഡൻറുമാരും സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ കണ്ണൂർ സർവ്വകലാശാലയിൽ സൂചന (3) പ്രകാരമുള്ള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് തസ്തികയിലെ ആകെയുള്ള എണ്ണത്തിൻെറ 4% താഴ്ന്ന വിഭാഗം ജീവനക്കാർക്കായി by transfer നിയമനത്തിനായി മാറ്റിവെച്ചിട്ടുണ്ട് എന്നു സൂചിപ്പിച്ച് തങ്ങൾക്കും ടി ആനുകൂല്യം അനുവദിക്കണമെന്ന് സൂചന (4) പ്രകാരം അപേക്ഷിച്ചിരുന്നു.

ബഹു. ഹൈക്കോടതിയുടെ സൂചന (3) വിധിന്യായത്തിൻെറ അടിസ്ഥാനത്തിൽ 04.07.2017 ലെ വൈസ്-ചാൻസിലറുടെ ഉത്തരവിൻ പ്രകാരം ടി വിഷയം സ്റ്റാൻഡിംഗ് കൗൺസിലിൻെറ നിയമോപദേശത്തിന് സമർപ്പിക്കുകയും താഴെ പറയും പ്രകാരം നിയമപോദേശം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

....2

As benefits of GO(MS)No.196/2010/GAD dated 17.05.2010 has already been adopted and implemented by the Mahatma Gandhi University by an order dated 08.06.2010 the quota of 4% has to be reckoned on the basis of the total cadre strength of Assistants as has upheld by the Court in the case filed by similarly placed persons in Kannur University.

ടി നിയമോപദേശവും എന്നാൽ അസിസ്റ്റൻറ് തസ്തികയുടെ ആകെ എണ്ണത്തിന്റെ 4% by transfer നിയമനത്തിനായി, സൂചന (2) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സർവ്വകലാശാലയിൽ നീക്കിവെച്ചിരിക്കുന്നു എന്നത് പരിഗണിച്ചും, ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ വൈസ് ചാൻസിലർ 20.07.2017ൽ ഉത്തരവായിരുന്നു.

ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വരികയും 31.08.2017ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 34/17.11/172065 പ്രകാരം സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശം അംഗീകരിക്കാനും തുടർനടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചിരിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി/പ്രോ-വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
3. പബ്ലിക് റിലേഷൻസ് ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷവിഭാഗം/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. എ.സി.സി/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
7. എ.ഡി.സി I/II/III/ഫിനാൻസ് കമ്പ്യൂട്ടർ സെൽ
8. റക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ എഡി.എ1-1-221/2017